LIBRARY ARCHIVES Kerala Legislative Assembly

പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കൽ

188 (2058) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയും ജനങ്ങളും തമ്മിൽ ആവശ്യമായ അനുപാതം കൊണ്ട് വരുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സേനയുടെ അംഗബലം എത്ര ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) കേരളത്തിൽ പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം നിലവിൽ 1:725 ആണ്. ഇക്കാര്യത്തിൽ ദേശീയ ശരാശരി 1:576 ആണ്. അതായത് ദേശീയ ശരാശരിയേക്കാൾ പോലീസിന്റെ അംഗബലം 25% കുറവാണെന്ന് സംസ്ഥാന സുരക്ഷാ കമ്മീഷൻ വിലയിരുത്തുകയും വർഷാവർഷം 5% വീതം അംഗബലം വർദ്ധിപ്പിച്ചുകൊണ്ട് അടുത്ത 5 വർഷം കൊണ്ട് പോലീസ് സേനയും ജനങ്ങളും തമ്മിലുള്ള അനുപാതം ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിലേക്കായി ടി കമ്മീഷൻ ശിപാർശ ചെയ്യുകയുണ്ടായി. ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

അത്തർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

189 (2059) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്തർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഏതു ഘട്ടത്തിലാണ് ; അത്തർ പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തു പോലീസ് സ്റ്റേഷനു കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?